**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2281** | **12-12-2022 - ൽ മറുപടിയ്ക്ക്**

**പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷത്തേക്ക് ഉൾപ്പെടുത്തേണ്ട സംസ്ഥാനത്തിന്റെ പദ്ധതി നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | **വിവിധ ജില്ലകളിൽ നിന്ന് ലഭിച്ച പ്രൊപ്പോസലുകൾ ഡയറക്ടറേറ്റ് തലത്തിലുള്ള സൂക്ഷ്മ പരിശോധനാ നടപടികൾ പൂർത്തിയാക്കി പദ്ധതികളുടെ പട്ടിക സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് സംസ്ഥാനതല സമിതി കൂടി അംഗീകരിച്ച് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന് അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.** |
| (ബി) | വിവിധ ജില്ലകളിൽ നിന്നും വിവിധ വകുപ്പുകളിൽ നിന്നും പ്രസ്തുത പദ്ധതിയിലേക്ക് 2022-23 സാമ്പത്തിക വർഷത്തെ എത്ര പ്രൊപ്പോസലുകളാണ് ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ലഭിച്ച പ്രൊപ്പോസലുകൾ പരിശോധിച്ച് മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ മുൻഗണനാക്രമത്തിലുള്ള പട്ടികയുടെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | **വിവിധ ജില്ലകളിൽ നിന്ന് ലഭിച്ച പ്രൊപ്പോസലുകൾ ഡയറക്ടറേറ്റ് തലത്തിലുള്ള സൂക്ഷ്മ പരിശോധനാ നടപടികൾ പൂർത്തിയാക്കി പദ്ധതികളുടെ പട്ടിക സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് സംസ്ഥാനതല സമിതി കൂടി അംഗീകരിച്ച് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന് അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.** |
| (സി) | പി.എം.ജെ.വി.കെ. പദ്ധതി നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതിനായി സംസ്ഥാനതല യോഗം 2022-23 സാമ്പത്തികവർഷത്തിൽ ചേർന്നിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; ഇല്ലെങ്കിൽ എന്നത്തേക്ക് യോഗം ചേരുമെന്ന് അറിയിക്കാമോ; | (സി) | **പ്രധാൻ മന്ത്രി ജൻവികാസ് കാര്യക്രം പദ്ധതി നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതിനായി സംസ്ഥാനതല യോഗം 2022-23 സാമ്പത്തിക വർഷത്തിൽ ചേരുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.** |
| (ഡി) | നിലമ്പൂർ ഗവൺമെന്റ് മാനവേദൻ എച്ച്.എസ്.എസ്.-ന്റെ പ്രൊപ്പോസൽ ഉചിത മാർഗേന വിദ്യാഭ്യാസ വകുപ്പ് മുഖാന്തരം പി.എം.ജെ.വി.കെ. പദ്ധതിയ്ക്കായി ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ ലഭിച്ചിട്ടുണ്ടോ; മേൽ പദ്ധതി സംസ്ഥാനതല യോഗത്തിലേക്ക് സമർപ്പിച്ചിട്ടുണ്ടോ; ഫയൽ നമ്പരടക്കമുള്ള വിശദാംശം ലഭ്യമാക്കാമോ; | (ഡി) | **2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള പ്രധാൻ മന്ത്രി ജൻവികാസ് കാര്യക്രം പദ്ധതിയിലേയ്ക്ക് ലഭ്യമായ ലിസ്റ്റിൽ നിലമ്പൂർ ഗവൺമെന്റ് മാനവേദൻ ഹയർ സെക്കന്ററി സ്കൂളിന്റെ പേര് ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ MW2/173/2022-GAD നമ്പർ ഫയലിൽ പരിശോധിച്ച് വരികയാണ്.** |
| (ഇ) | 2020-21, 2021-22 വർഷങ്ങളിൽ പി.എം.ജെ.വി.കെ. പദ്ധതിയിലേക്ക് നിലമ്പൂർ ഗവൺമെന്റ് മാനവേദൻ എച്ച്.എസ്.എസ്. | (ഇ) | **ജില്ലാതല സമിതിയുടെ അംഗീകാരത്തോട് കൂടി മുൻ വർഷങ്ങളിൽ ലഭ്യമാക്കിയിട്ടുള്ള യോഗ്യമായ പ്രൊപ്പോസലുകൾ എല്ലാം തന്നെ സംസ്ഥാനതല** |

| | | | |
|---|---|---|---|
| | പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടും പരിഗണിക്കാതെ പോയതിന്റെ കാരണം വിശദമാക്കാമോ; നിലമ്പൂർ മണ്ഡലത്തിൽ നിന്നും ഇതുവരെ ഒരു പ്രൊപ്പോസൽ പോലും പരിഗണിച്ചിട്ടില്ലാത്തതും കൂടാതെ രണ്ട് തവണ ഒഴിവാക്കപ്പെട്ടതും പരിഗണിച്ച് ഇത്തവണ മേൽ പ്രെപ്പോസൽ മുൻഗണനയിലുൾപ്പെടുത്തുമോ; വിശദമാക്കാമോ? | | **സമിതിയുടെ അംഗീകാരത്തോട് കൂടി കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇപ്രകാരം സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ മന്ത്രാലയത്തിന്റെ സ്ക്രീനിംഗ് കമ്മിറ്റി പരിശോധിച്ച് എംപവേർഡ് കമ്മിറ്റി പരിഗണിച്ച് അംഗീകരിക്കുകയാണ് ചെയ്യുന്നത്. സംസ്ഥാന തല സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് മുൻഗണനാ പട്ടിക തയ്യാറാക്കുന്നത്.**<br><br>**ഈ വർഷം പ്രസ്തുത പ്രൊപ്പോസൽ സ്റ്റേറ്റ് ലെവൽ കമ്മിറ്റി കൂടി അംഗീകരിക്കുകയാണെങ്കിൽ കേന്ദ്രന്യൂനപക്ഷ മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി സമർപ്പിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ